**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5633      02.11.2016 -ൽ മറുപടിക്ക്

**ടൂറിസ്റ്റ് കേന്ദ്രങ്ങളെ ജനകീയ പങ്കാളിത്തത്തോടെ ആകർഷകമാക്കാൻ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അനിൽ അക്കര | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ജനകീയ പങ്കാളിത്തത്തോടെ ആകർഷകമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ആകർഷക മാക്കുന്നതിനും അവയുടെ സമഗ്ര വികസനത്തിനുമായി ഗ്രീൻ കാർപ്പറ്റ് എന്ന നൂതന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം അടിസ്ഥാന സൗകര്യ ങ്ങളാണ് പദ്ധതിയനുസരിച്ച് വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ ഒരുക്കാനു ദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) തെരഞ്ഞെടുക്കപ്പെട്ട 84 ടൂറിസംകേന്ദ്രങ്ങ ളിൽ ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം, നടപ്പാതകൾ, ടോയ് ലറ്റ് സൗകര്യം, വഴിവിളക്കുകൾ തുടങ്ങിയ അത്യാ വശ്യ അടിസ്ഥാന സൗകര്യങ്ങളാണ് നടപ്പിലാക്കുന്നത്. |
| സി) പ്രസ്തുത പദ്ധതിക്ക് ആരുടെയെല്ലാം സജീവ പങ്കാളിത്തമാണ് പ്രയോജനപ്പെടുത്തുന്നത്; വിവരിക്കുമോ; | സി) ടൂറിസം സംഘടനകൾ, ടൂറിസം വ്യവസായി കൾ, തദ്ദേശഭരണകൂടം, ശുചിത്വ മിഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ സന്നദ്ധസംഘടനകൾ, വിദ്യാർത്ഥികൾക്കാ യുള്ള എൻ.എസ്.എസ്, തദ്ദേശവാസി കൾ തുടങ്ങി ടൂറിസം കേന്ദ്രവുമായി |

ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ വരേയും ഉൾക്കൊണ്ടുകൊണ്ട് ബഹുജന പങ്കാളിത്ത ത്തോടുകൂടിയ പ്രവർത്തനമാണ് ഇതിനായി വിഭാവനം ചെയ്യുന്നത്.

| | |
|---|---|
| ഡി) പദ്ധതിയുടെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | ഡി) ഗ്രീൻ കാർപ്പറ്റ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്ന തിന് തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിലും മികച്ച പരിശീലനം ലഭിച്ച ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ഉറപ്പാക്കും. കാര്യക്ഷമമായ ഏകോപനത്തിലൂടെ ഓരോ കേന്ദ്രങ്ങളിലുമുള്ള പ്രശ്നങ്ങളും പോരായ്മകളും യഥാസമയം വിലയിരുത്തി സത്വര നടപടികൾ കൈക്കൊള്ളുവാൻ ഇവരെ നന്നദ്ധരാക്കുന്നു. ഈ പദ്ധതിയുടെ ഏകോപനത്തിനായി സംസ്ഥാനതല ത്തിലും, ജില്ലാതലത്തിലും, മേഖലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചു വരുന്നു. ഇത്തരം സമിതികൾ ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാ സമയം പരിശോധന നടത്തി വേണ്ട നടപടികൾ സമയ ബന്ധിതമായി തീർത്തു വിനോദ സഞ്ചാര മേഖലയെ ഫലപ്രദമായി നില നിർത്തുമെന്നു പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.